**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2709** **06.11.2019-ൽ മറുപടിയ്ക്ക്**

**ശബരിമല മാസ്റ്റർ പ്ലാൻ**

**ചോദ്യം** **മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ**

**അഡ്വ. കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ച് നടത്തുന്ന പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് സഹായകമായ നിലപാടാണോ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ച് നടത്തുന്ന പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് സഹായകമായ നിലപാട് ആണ് സ്വീകരിച്ചിട്ടുള്ളത്. നിലയ്ക്കൽ ബേസ് ക്യാമ്പിനു വേണ്ടി ആവശ്യമായ വനഭൂമി വിട്ടു നൽകിയത് ഉൾപ്പെടെ ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ വനം വകുപ്പ് പൂർണ്ണ സഹകരണം നൽകി വരുന്നുണ്ട്. മാസ്റ്റർ പ്ലാനിലെ പ്രധാന നിർദ്ദേശങ്ങളിലൊന്നായ പമ്പയിൽ സ്വകാര്യ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് ഒഴിവാക്കുന്നത് വനം വകുപ്പിന്റെ ഇടപെടൽമൂലം നിലയ്ക്കലിലേക്ക് മാറ്റി തീരുമാനം ആയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പ്രകാരം തയ്യാറാക്കേണ്ട ലേ ഔട്ട് പ്ലാൻ 10 വർഷമായും തയ്യാറാക്കാതിരുന്നത് വനം വകുപ്പിന്റെ നിരന്തര ഇടപെടലിലൂടെ തയ്യാറായിവരുന്നു. |
| (ബി) | ശബരിമലയിലെത്തുന്ന ലക്ഷക്കണക്കിന് ഭക്തജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് വനഭൂമി വിട്ടു നൽകണമെന്ന് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഭൂമി വിട്ടു നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ശബരിമലയിൽ എത്തുന്ന ലക്ഷകണക്കിന് ഭക്തജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിനായി നിലവിൽ വിട്ടു നൽകിയ വനഭൂമിയ്ക്ക് പുറമേ റോപ് വേ നിർമ്മിക്കുന്നതിന് 4.94 ഹെക്ടർ വനഭൂമിയും, കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതിനായി 0.655 ഹെക്ടർ വനഭൂമിയും വിട്ടു നൽകണമെന്ന് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | റോപ് വേ നിർമ്മിക്കുന്നതിനായി അപേക്ഷ നൽകിയത് സ്വകാര്യ ഏജൻസിയാണ്. യൂസർ ഏജൻസിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ് വഴി അപേക്ഷ നൽകുന്നതിലേക്കായി പ്രസ്തുത അപേക്ഷ തിരികെ നൽകിയിട്ടുള്ളതാണ്. കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ആവശ്യമായ |

| | | | |
|---|---|---|---|
| | | | ഭേദഗതി വരുത്തുന്നതിനായി യൂസർ ഏജൻസിയായ തിരുവിതാംകൂർ ദേവസ്വം ബോർഡിലേക്ക് തിരികെ നൽകിയിട്ടുള്ളതാണ്. പൂർണ്ണമായ അപേക്ഷ ലഭിക്കുന്ന മുറയക്ക് പരിസ്ഥിതി ആഘാത പഠനം ഉൾപ്പെടെയുള്ളവയ്ക്ക് വിധേയമായി അപേക്ഷയിൻമേൽ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**